LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർക്കാർ മേഖലയിൽ 9 പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ എല്ലാ സർക്കാർ ആശുപത്രികളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും എല്ലാ കുടുംബാരോഗ്യകേന്ദ്രങ്ങളിലും സർക്കാർ മെഡിക്കൽ കോളേജുകളിലും ലാബുകൾ പ്രവർത്തിക്കുന്നുണ്ട്.

സ്വകാര്യമേഖലയിലെ ലാബുകളുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇതുസംബന്ധിച്ച് പരിശോധനകളൊന്നും നിലവിൽ സർക്കാർ തലത്തിൽ നടത്തിയിട്ടില്ല. കേരളത്തിൽ ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) നിയമം പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ ഇത്തരം സ്ഥാപനങ്ങളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ടും തുടർന്നും ആവശ്യമായ പരിശോധനകൾ നടത്താൻ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

**ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ ഇ-ടെണ്ടർ ഒഴിവാക്കിയ സാഹചര്യം**

276 (287) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി സ്റ്റോർ പർച്ചേസ് മാനുലിലെ വ്യവസ്ഥകൾ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തൃശൂർ ഡ്രഗ്സ് കൺട്രോൾ ലബോറട്ടറിയിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് ഇ-ടെൻഡർ നടപടികൾ ഒഴിവാക്കിയ സാഹചര്യം വിശദമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് ഇ-ടെൻഡർ ഒഴിവാക്കി ഭാവിയിലും അനുമതി നൽകിയത് ഏത് നിയമത്തിന്റെ പിൻബലത്തിലാണെന്ന് വിശദമാക്കാമോ;

(ഡി) 1.5 കോടിരൂപയുടെ ഉപകരണങ്ങൾ ഇ-ടെൻഡർ ഒഴിവാക്കി വാങ്ങിയാൽ അതിൻമേലുള്ള അഴിമതിക്കുള്ള സാധ്യത സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) തൃശ്ശൂർ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ ഇ-ടെണ്ടർ മുഖേനയാണ് യന്ത്രോപകരണങ്ങൾ വാങ്ങുന്നത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ റേറ്റ് കോൺട്രാക്ട് നിലവിലുള്ള ഉപകരണങ്ങൾ മാത്രമാണ് ഇ-ടെൻഡർ ഒഴിവാക്കി റേറ്റ് കോൺട്രാക്ട് മുഖേനയാണ് പർച്ചേസ് നടത്തുന്നത്.

(സി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ച് നിശ്ചിതകാലയളവിലേക്ക് റേറ്റ് കോൺട്രാക്ട് നിലവിലുള്ള സാഹചര്യത്തിൽ വീണ്ടും ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ച് കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടിയാണ് സ്ഥിരമായി റേറ്റ് കോൺട്രാക്ട് വ്യവസ്ഥയിൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സാഹചര്യം സംജാതമാക്കിയിരിക്കുന്നത്.

(ഡി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ റേറ്റ് കോൺട്രാക്ട് നിലവിലുള്ള ഉപകരണങ്ങൾക്ക് മാത്രമാണ് ഇ-ടെണ്ടർ ഒഴിവാക്കി റേറ്റ് കോൺട്രാക്ട് മുഖേന പർച്ചേസ് നടത്തിവരുന്നത്. മറ്റെല്ലാ ഉപകരണങ്ങളും ഇ-ടെണ്ടർ നടപടികൾ വഴി സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിച്ച് മാത്രമാണ് പർച്ചേസ് നടത്തിവരുന്നത്.

**എൻഡോസൾഫാൻ ദുരിതബാധിതർ**

277 (288) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കുമോ;

(ബി) എൻഡോസൾഫാൻ ദുരിതബാധിതരുടെ കടങ്ങൾ എഴുതിതള്ളുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എൻഡോസൾഫാൻ ദുരിത മേഖലയിലെ ബഡ്സ് സ്കൂളുകളുടെ പുരോഗതിക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly